3

# "ഞാൻ എന്തു ചെയ്യണം?"

അപ്പൊസ്തലനായിരുന്ന പത്രൊസ് യേശുവിനെ പറ്റി പ്രസംഗിച്ചപ്പോൾ, കേൾവിക്കാർ ഉച്ചത്തിൽ ചോദിച്ചു, "സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു?" (പ്രവൃത്തി 2:37). ക്രിസ്തു ശൗലിന്നു പ്രത്യക്ഷനായപ്പോൾ, ശൗൽ ചോദിച്ചു, "കർത്താവേ, ഞാൻ എന്തു ചെയ്യണം?" (പ്രവൃത്തി 22:10). ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണി കഷ്ടിച്ചു മരണത്തിൽ നിന്നു രക്ഷപ്പെട്ടപ്പോൾ, പൗലോസിനോടും ശിലാസിനോടും ചോദിച്ചു, "യജമാനന്മാരേ, രക്ഷപ്രാപിക്കുവാൻ ഞാൻ എന്തു ചെയ്യേണം?" (പ്രവൃത്തി 16:30). ഇതിനേക്കാൾ പ്രാധാന്യമുള്ള മറ്റൊരു ചോദ്യം ചോദിക്കാറില്ല: ''ഞാൻ എന്തു ചെയ്യേണം?"

**ചെയ്യേണ്ട ചിലതു**

രക്ഷ ആഗ്രഹിക്കുന്നു എങ്കിൽ നിങ്ങൾ ചിലതു ചെയ്യേണ്ടതായിട്ടുണ്ട് എന്നു ഒരു പക്ഷേ സ്ഥിരീകരിക്കണം. ക്രിസ്തു സകല മനുഷ്യർക്കും വേണ്ടിയാണ് മരിച്ചത് (തിത്തൊസ് 2:11), അതിനർത്ഥം എല്ലാവരും രക്ഷപ്രാപിക്കും എന്നല്ല. മനുഷ്യർ സഞ്ചരിക്കുന്ന രണ്ടു വഴികളെ യേശു പഠിപ്പിക്കയുണ്ടായി: "ജീവങ്കലേക്കു പോകുന്ന" ഇടുങ്ങിയ വഴിയും "നാശത്തിലേക്കു'' പോകുന്ന രീതിയിലുള്ള വഴിയും ആണത്. നാശത്തിലേക്കു പോകുന്നവർ "വളരെയും" ജീവങ്കലേക്കു പോകുന്നവർ ''ചുരുക്കവും" ആയിരിക്കും എന്ന് യേശു ഊന്നി പറഞ്ഞു (മത്തായി 7:13, 14). മറ്റൊരർത്ഥത്തിൽ, പറഞ്ഞാൽ നഷ്ടപ്പെടുന്നവർ, അനേകരും രക്ഷിക്കപ്പെടുന്നവർ ചുരുക്കവും ആയിരിക്കും.

രക്ഷ ദാനമാണ്, എന്നാൽ ദാനം സ്വീകരിക്കുകയോ നിഷേധിക്കുകയോ ചെയ്യാം. ദൈവത്തിന്റെ കൃപാദാനം സ്വീകരിക്കണോ നിരസ്സിക്കണോ എന്നു ഓരോ വ്യക്തിയുമാണ് തീരുമാനിക്കേണ്ടത്. മത്തായി 7-ാം അദ്ധ്യായത്തിലെ പ്രസ്താവന അനുസരിച്ചു ദൈവത്തിന്റെ ദാനം സ്വീകരിക്കുന്നവരേക്കാൾ നിരസിക്കുന്നവരായിരിക്കും കൂടുതൽ.

ദൈവത്തിന്റെ രക്ഷാ ദാനം നാം എങ്ങനെയാണ് സ്വീകരിക്കുക? *അനുസരണയുള്ള വിശ്വാസത്താൽ* നാം അതു സ്വീകരിക്കണമെന്നു ദൈവം തന്റെ വചനത്തിൽ നമ്മോടു പറയുന്നു, "എന്നോടു, 'കർത്താവേ, കർത്താവേ,' എന്നു പറയുന്നവൻ ഏവനുമല്ല സ്വർഗ്ഗസ്ഥനായ, എന്റെ പിതാവിന്റെ *ഇഷ്ടം ചെയ്യുന്നവൻ* അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു" (മത്തായി 7:21).[1] യേശുവിനെക്കുറിച്ച് എബ്രായ ലേഖകൻ എഴുതി, യേശു, "തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണ ഭൂതനായി തീർന്നു" (എബ്രായർ 5:9).[2]

ചിലർ ഇതിനെ എതിർക്കാറുണ്ട്. അവർ പറയുന്നതു രക്ഷക്കുവേണ്ടി, നാം എന്തെങ്കിലും ചെയ്യുകയാണെങ്കിൽ അതു കൃപയാൽ ലഭിക്കുന്നു എന്നു പറയാൻ സാദ്ധ്യമല്ലല്ലോ എന്നാണ്. നമ്മുടെ അനുസരണം ഒരിക്കലും രക്ഷക്കുള്ള *നേട്ടമായി* ഒരിക്കലും കാണരുത്. മറിച്ച്, കർത്താവ് ഒരുക്കിയ രക്ഷ അനുസരണത്തിലൂടെ, നാം *സ്വീകരിക്കുക* മാത്രമാണ് ചെയ്യുന്നത്.

*നേടിയെടുക്കുക* എന്നതും *കൈവശമാക്കുക* എന്നതും തമ്മിലുള്ള വ്യത്യാസം എന്താണ്? താഴെ കൊടത്തിരിക്കുന്ന ചിത്രീകരണം ആ വ്യത്യാസം മനസിലാക്കാൻ സഹായിക്കും:

ഒരു മനുഷ്യൻ ഒരു വീടിന്റെ വാതില്ക്കൽ മുട്ടുന്നു. ഒരു സ്ത്രീ വാതിൽക്കൽ വരുമ്പോൾ അയാൾ പറയുന്നു, "എനിക്കു വിശപ്പുണ്ട്, എന്റെ ആഹാരത്തിനുവേണ്ടി എനിക്ക് ഇവിടെ എന്തെങ്കിലും ജോലിയുണ്ടോ?" സ്ത്രീ അയാളോടു പറഞ്ഞു, "പുറകിൽ കുറെ വിറകു കീറുന്നതിനായി കിടപ്പുണ്ട്. നിങ്ങൾ അതു കീറിതന്നാൽ ഭക്ഷണം തരാം" എന്നു പറഞ്ഞു. ആ മനുഷ്യൻ വിറകെല്ലാം കീറി അവസാനം തന്റെ ഭക്ഷണത്തിനായി ഇരുന്നു അയാൾ ഭക്ഷണം കഴിക്കുമ്പോൾ, ഞാൻ ചോദിച്ചോട്ടെ: അയാൾ ആ ഭക്ഷണം സമ്പാദിച്ചതാണെന്നു അയാൾക്കു തോന്നുകയില്ലേ? തീർച്ചയായും, അയാൾക്കു തോന്നും.

ഞാൻ കഥയൊന്നു മാറ്റട്ടെ: ഒരാൾ വീടിന്റെ വാതിൽക്കൽ മുട്ടുന്നു. ഒരു സ്ത്രീ വാതില്ക്കൽ വരുമ്പോൾ അയാൾ പറയുന്നു, "എനിക്കു വളരെ വിശപ്പുണ്ട്. എനിക്കു ഭക്ഷണത്തിനുവേണ്ടി എന്തെങ്കിലും ജോലി ചെയ്യാൻ ഉണ്ടോ?" സ്ത്രീ അയാളോടു, "മേശപ്പുറത്തു എനിക്കു കഴിയുന്നതിലധികം ധാരാളം ഭക്ഷണം വെച്ചിട്ടുണ്ട്, നിങ്ങൾ അകത്തു, വന്നിരുന്നു, മതിയാവോളം ഭക്ഷിച്ചുകൊൾക." അവൾ പാചകം ചെയ്തഭക്ഷണം അയാൾ മതിയാവോളം ആസ്വദിച്ചു. ഇപ്പോൾ, ഞാൻ ചോദിക്കട്ടെ: ഈ മനുഷ്യൻ ഇപ്പോൾ ഭക്ഷണം സമ്പാദിച്ചതാണോ? ഒരിക്കലുമല്ല. അതു തികച്ചും ദാനമായിരുന്നു, "കൃപയാൽ" *കൈവശമാക്കാൻ* കഴിഞ്ഞതാണ്.

അയാൾ അതെങ്ങനെ കൈവശമാക്കി? ആ സ്ത്രീയുടെ ക്ഷണം

സ്വീകരിച്ചതിലൂടെയാണ്, അവളുടെ വീട്ടിനകത്തു പ്രവേശിച്ചു ഇരുന്നു മേശമേലുണ്ടായിരുന്ന ഭക്ഷണം കഴിച്ചു. അയാൾ അതു കൈക്കൊണ്ടില്ലെങ്കിലോ? ''വേണ്ട, നന്ദിയുണ്ട്'' എന്നു പറഞ്ഞിട്ടു പൊയ്ക്കളഞ്ഞു? ആ ഭക്ഷണം നിരസിച്ചു കൊണ്ടു അയാൾ പോയാൽ? അവളുടെ ഔദാര്യവാഗ്ദാനം, അയാൾക്കു ലഭിക്കയില്ല. ഈ പ്രതികരണം ഒരുപക്ഷേ ബുദ്ധിശൂന്യമായി തോന്നിയേക്കാം. (അതെ, കർത്താവിന്റെ ക്ഷണം ധവെളിപ്പാട് 3:20പ. ആളുകൾ പലപ്പോഴും തള്ളിക്കളയുകയാണ്, അതു എല്ലായ്പ്പോഴും, വിഡ്ഢിത്തം തന്നെ).

നമുക്കു ചുറ്റും രക്ഷ നേടിയെടുക്കാൻ സാദ്ധ്യമല്ല. എന്നാൽ ദൈവത്തിന്റെ ദാനം നമുക്കു സ്വീകരിക്കാം, *കൈവശമാക്കാം* - വിശ്വാസത്താലും അനുസരണത്താലും നമ്മുടെ വിശ്വാസത്തിലും അനുസരണത്തിലും എന്താണ് ഉൾപ്പെട്ടിരിക്കുന്നതെന്നു എന്ന് നാം താഴോട്ടു പഠിക്കുമ്പോൾ വ്യക്തമാകും.

### നാം എന്തു ചെയ്യണം

യേശു തന്റെ ശിഷ്യന്മാർക്കു (അനുയായികൾക്കു), മഹത്തായ ആജ്ഞ കൊടുത്തുകൊണ്ടു പറഞ്ഞു, ''നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; ...” (മർക്കൊസ് 16:15, 16). “വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു” എന്നു പൗലോസ് പറഞ്ഞു (റോമർ 10:17). സുവിശേഷം (യേശുവിനെക്കുറിച്ചുള്ള നല്ല വിശേഷം[3]) “രക്ഷക്കുള്ള ദൈവശക്തിയാണെന്നും” അവൻ പറഞ്ഞു (റോമർ 1:16). യേശുവിനെ കുറിച്ചും അവന്റെ വഴിയെ കുറിച്ചും പഠിച്ചുകൊണ്ടാണ് രക്ഷ ആരംഭിക്കുന്നത്. ഉത്തരവാദിത്തമുള്ള ശിഷ്യനായി ഒരാൾ ശ്രദ്ധയോടെ കേൾക്കുകയോ, വായിക്കുകയോ, ചെയ്യണം. ഈ പാഠത്തിന്റെ ശേഷിച്ച ഭാഗത്തു സുവിശേഷത്തോടു പ്രതികരിക്കേണ്ടതിന്റെ മൂന്നു ആവശ്യകതകൾ നാം ചർച്ച ചെയ്യും.

### യേശുവിൽ വിശ്വസിക്കുക

ആദ്യത്തെ പ്രതികരണം വിശ്വസിക്ക എന്നതാണ്. “വിശ്വാസം വരുന്നതു കേൾവിയാലാണ്.” വിശ്വാസത്തിന്റെ പ്രാധാന്യം യോഹന്നാൻ 3:16-ൽ ഊന്നി പറയുന്നത്: “തന്റെ ഏകജാതനായ പുത്രനിൽ, വിശ്വസിക്കുന്ന ഏവനും, നശിച്ചു പോകാതെ, നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാന്തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.” ക്രിസ്ത്യാനികൾ വിശ്വാസത്താൽ രക്ഷിക്കപ്പെടുന്നു എന്നു കാണിക്കുന്ന അനേക വാക്യങ്ങളിൽ ചിലതാണ്, പ്രവൃത്തി 16:31, റോമർ 5:1,

എഫെസ്യർ 2:8, 9. "ഞാൻ അങ്ങനെയുള്ളവൻ ധഅതായത്, മശിഹ[4] പ, എന്നു വിശ്വസില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും" എന്നു കർത്താവു പറഞ്ഞു (യോഹന്നാൻ 8:24).

നമ്മെ രക്ഷിക്കുന്ന ''വിശ്വാസവും'' ''ആശ്രയവും'' ഒന്നുതന്നെയാണ്. "വിശ്വാസം" എന്നതിന്റെ അർത്ഥം ഒന്നു "ആശ്രയം" എന്നത് മറ്റൊന്നാണ്, എന്നാൽ രണ്ടിന്റെയും തർജ്ജിമചെയ്ത വാക്ക് ഒന്നാണ്. രക്ഷിക്കുന്നവിശ്വാസം എന്താണ്? രക്ഷിക്കുന്ന വിശ്വാസം ''ആശ്രയം'' എന്ന വാക്കിനാൽ പ്രകടിപ്പിക്കാവുന്നതാണ്: രക്ഷിക്കപ്പെടുവാൻ, നമ്മുടെ നന്മയിൽ ആശ്രയിക്കുന്നത് നിർത്തുകയും യേശുക്രിസ്തുവിന്റെ യാഗത്തിൽ ആശ്രയിക്കുകയും വേണം.[5]

വിശ്വാസത്തിന്റെ പ്രാധാന്യത്തിനു അധിക ഊന്നൽ കൊടുക്കാൻ നമുക്കു കഴിയുകയില്ല. കർത്താവിനോടുള്ള മറ്റെല്ലാ ക്രിയാത്മക പ്രതികരണങ്ങളുടേയും അടിസ്ഥാനമാണ് വിശ്വാസം. യോഹന്നാൻ 1:11ഉം 12ഉം വാകൃങ്ങളിൽ നാം വായിക്കുന്നതു, ''അവൻ സ്വന്തധജനത്തിലേക്കു വന്നു, യെഹൂദന്മാർപ,സ്വന്തമായവരോ അവനെകൈക്കൊണ്ടില്ല.[6] അവനെ കൈക്കൊണ്ടു, അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ, അവന് അധികാരം കൊടുത്തു" എന്നാണ്. "കൈക്കൊള്ളുക" "വിശ്വസിക്കുക" എന്നീ പദപ്രയോഗങ്ങൾ മാറി മാറി ഉപയോഗിച്ചത് ശ്രദ്ധിക്കുക യേശുവിൽ *വിശ്വസിക്കാതെ* നമുക്ക് അവനെ *സ്വീകരിക്കാൻ* സാധ്യമല്ല.

നിർഭാഗ്യവശാൽ, ചിലർ വിശ്വാസത്തെ മാറ്റി "വിശ്വാസത്താൽ മാത്രം" രക്ഷിക്കപ്പെടും എന്നു പഠിപ്പിക്കുന്ന വശ്വസം എന്നതു നമ്മുടെ പ്രതികരണത്തിന്റെ അവസാനമല്ല, ആരംഭമാണ്, യോഹന്നാൻ 1:11, 12 വീണ്ടും വായിക്കുക. വിശ്വസിക്കയും കൈക്കൊള്ളുകയും ചെയ്തവർക്കാണ് "ദൈവമക്കൾ ആകുവാൻ *അധികാരം കൊടുത്തത്*." ഞാനും എന്റെ ഭാര്യയും വിവാഹതരാകുന്നതിനു മുൻപ് ഒരു വിവാഹത്തിലെ ലൈസൻസ് നേടിയിരുന്നു; അതു, വിവാഹം കഴിച്ചു എന്നതിന്റെ അല്ല പിന്നെയോ വിവാഹം കഴിക്കുന്നതിനുള്ള ലൈസൻസായിരുന്നു. അതുപോലെ വിശ്വാസം രക്ഷയിലേക്കുള്ള വഴി; ഒരുക്കുന്നു. അതു യാത്രയുടെ അവസാനമല്ല. നാം വിശ്വാസത്താൽ, രക്ഷിക്കപ്പെടും എന്നാൽ വിശ്വാസത്താൽ മാത്രമല്ല.

രക്ഷിക്കുന്ന വിശ്വാസം, ആ വിശ്വാസത്തിന്റെ പ്രകടനത്തിൽ നിന്നു വേർതിരിക്കുന്നില്ല. ഇതു യോഹന്നാൻ 3-ൽ ചിത്രീകരിക്കാവുന്നതാണ്. സഭ മുൻപു കണ്ടതുപോലെ, 16-ാം വാക്യം വിശ്വാസത്തിന്റെ ആവശ്യകതയെ ഊന്നി പറയുന്നുണ്ട്: ''പുത്രനിൽ *വിശ്വസിക്കുന്നവന്നു* നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല, ദൈവ ക്രോധം അവന്റെ മേൽവസിക്കുന്നതേയുള്ളൂ" (വാക്യം 36).[7] "വിശ്വാസവും" "അനുസരണവും" പുതിയ നിയമത്തിൽ മാറി

മാറി ഉപയോഗിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഒന്നാണിത്[8] (റോമർ 10:16 നോക്കുക). അനുസരിക്കുന്ന വിശ്വാസം ആണ് രക്ഷിക്കുന്ന വിശ്വാസം.

"വിശ്വാസം മാത്രം" എന്ന ഉപയോഗം ബൈബിളിൽ കാണുന്ന ("ഏക സ്ഥാനം") യാക്കൊബ് 2:24 ആണ്, അവിടെ പറയുന്നതു, "അങ്ങനെ മനുഷ്യൻ വെറും വിശ്വാസ ത്താ*ലല്ല*", പ്രവൃത്തികളാൽ തന്നേ നീതീകരിക്കപ്പെടുന്നു എന്നു നിങ്ങൾ കാണുന്നു ഗഖഢ യിൽ കാണുന്നതു, "വിശ്വാസത്താൽ മാത്രമല്ല", പ്രവൃത്തികളാൽ ഏതു മനുഷ്യൻ എങ്ങനെ നീതീകരിക്കപ്പെടുന്നു,[9] എന്നു നിങ്ങൾ കാണുന്നു എന്നത്രെ. ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിളിൽ "മനുഷ്യൻ വെറും വിശ്വാസത്താലല്ല, പ്രവൃത്തികളാൽ തന്നേ നീതീകരിക്കപ്പെടുന്നു" എന്നാണ്.

ഒന്നു രണ്ടു നിമിഷം എടുത്തു യാക്കൊബ് 2:14-26 വരെയുള്ള വാക്യങ്ങൾ വായിച്ചാൽ യാക്കൊബിന്റെ യുക്തി സഹജമായ വിലയിരുത്തൽ മനസ്സിലാകും. പ്രത്യേകമായി 14, 17, 20, 26 എന്നീ വാക്യങ്ങളിൽ ശ്രദ്ധിക്കുക:

> സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസമുണ്ട് എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും, ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ... അങ്ങനെ, വിശ്വാസവും, പ്രവൃത്തികൾ ഇല്ലാതിരിക്കയും, ഇല്ലാത്തതായാൽ സ്വതവേ നിർജ്ജീവമാകുന്നു.
>
> ... പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്നു ... ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ? ... ഇങ്ങനെ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ, പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു.

രക്ഷിക്കുന്ന വിശ്വാസം, നിർജ്ജീവവും നിഷ്ഫലവുമായ, ഉപകാരമില്ലാത്ത ഒന്നല്ല. മറിച്ച് ജീവിക്കുന്നതും പ്രവൃത്തിക്കുന്നതുമാണ്.

**പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുക**

ശരിയായ വിശ്വാസപ്രകടനങ്ങളിൽ ഒന്നാണ് മാനസാന്തരം യേശു പറഞ്ഞു, "അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചു പോകും" (ലൂക്കോസ് 13:3). പത്രൊസ് തന്റെ ശ്രോതാക്കളോടു പറഞ്ഞു, "നിങ്ങൾ ഓരോരുത്തൻ മാനസാന്തരപ്പട്ടു, പാപങ്ങളുടെ മോചനത്തിന്നു സ്നാനമേല്പിൻ" (പ്രവൃത്തി 2:38). പൗലോസ്, "ദൈവം ഇപ്പോൾ എല്ലാവരോടും എല്ലായിടത്തും മാനസാന്തരപ്പെടുവാൻ കല്പിക്കുന്നു" എന്നു പറഞ്ഞു (പ്രവൃത്തി 17:30).

യേശുവിലുള്ള നമ്മുടെ വിശ്വാസം വളരുമ്പോൾ നാം പാപി കളാ

ണെന്നും നമുക്കു രക്ഷ[10] ആവശ്യമാണെന്നും നമ്മെത്തന്നെ നാം കാണ ണം: ഇതു മാനസാന്തരം പുറപ്പെടുവിക്കുന്നു.

മാനസാന്തരം എന്നതു യഥാർത്ഥത്തിൽ എന്താണ്? ചിലർ വിചാരിക്കുന്നതു അതു പാപത്തെക്കുറിച്ചുള്ള അനുതാപമാണെന്നാണ്. വേറെ ചിലർ ചിന്തിക്കുന്നതു അതു ജീവിതത്തിലെമാറ്റമാണെന്നാണ്. ഒരാൾ വാസ്തവത്തിൽ മാനസാന്തരപ്പെടുമ്പോൾ, താൻ ചെയ്ത പാപത്തെക്കുറിച്ചു അയാൾക്കു *ദുഃഖമുണ്ടാകും*, അയാളുടെ ജീവിതവും *മാറും*. എന്നാൽ, മാനസാന്തരം ഈ രണ്ടു പ്രതികരണങ്ങളുടേയും മദ്ധ്യേ നില്ക്കുന്നു.




മുകളിലെ ചിത്രത്തിൽ, ദൈവഹിതപ്രകാരമുള്ള ദുഃഖം മാനസാന്തരത്തെ ഉളവാക്കുന്നു. 2 കൊരിന്ത്യർ 7:10 പറയുന്നു "ദൈവഹിത പ്രകാരമുള്ള ദുഃഖം[11] മാനസാന്തരത്തെ പുറപ്പെടുവിക്കും ... അതു രക്ഷയിലേക്കു നയിക്കുന്നു, ..."[12] മാനസാന്തരത്തിന്റെ ഫലമായാണ് ജീവിതത്തിൽ മാറ്റം ഉണ്ടാകുന്നതു എന്നു കാണാം. പൗലൊസ് സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം, അവൻ ആളുകളോടു പ്രസംഗിച്ചതു "മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു, മാനസാന്തരത്തിനു യോഗ്യമായ പ്രവൃത്തികൾ" (പ്രവൃത്തി 26:20) ചെയ്യുവിൻ എന്നാണ്. ദൈവഹിത പ്രകാരമുള്ള ദുഃഖത്തിനു *ശേഷവും* ജീവിതമാറ്റത്തിനു *മുൻപും* ആയി വരുന്നതാണ് മാനസാന്തരം.

അപ്പോൾ, എന്താണ്, മാനസാന്തരം? "മാനസാന്തര" പ്പെടുക എന്നതിനു ഉപയോഗിച്ച ഗ്രീക്കുവാക്കിന്റെ അർത്ഥം "പുതിയ മനസ്സുണ്ടാക്കുക" എന്നാണ്. *മനസ്സിന്റെ മാറ്റത്തെയാണ്* അതു സൂചിപ്പിക്കുന്നത്.

ആളുകളുമായ ബന്ധത്തിൽ മാനസാന്തരം, പാപത്തെക്കുറിച്ചുള്ള മനസ്സിന്റെ മാറ്റമാണ്. തന്റെ *പാപം* ദൈവ ഹൃദയത്തിൽ, വേദനയുണ്ടാക്കുമെന്നു തിരിച്ചറിയുമ്പോഴാണ് പാപത്തിന്റെ ഭയാനകത അയാൾ മനസ്സിലാക്കുന്നത്. പാപമാണ് യേശുവിനെ ക്രൂശിലേക്കയച്ചത്. എന്നൊരാൾ മനസ്സിലാക്കുമ്പോൾ പാപത്തിൽ നിന്നു അയാൾ പറഞ്ഞിരിക്കുന്നു. പാപ സ്വഭാവത്തിന്മേൽ ദുഃഖിച്ചു, ദൈവസഹായത്തിൽ, ഒരു നല്ല ജീവിതം നയിക്കുവാൻ തീരുമാനിക്കയും, ചെയ്യുന്നു. ഈ തീരുമാനത്തെയാണ് ബൈബിൾ "മാനസാന്തരമെന്നു" വിളിക്കുന്നത്.

യഥാർത്ഥ മാനസാന്തരം എല്ലായ്പോഴും ഒരാളുടെ ജീവിതത്തിൽ ഫലം കാണിക്കും. അതൊരു പൂർണ്ണ ജീവിതമാകുന്നില്ല, കാരണം മനു

ഷ്യരാരും പൂർണ്ണരല്ല; പക്ഷേ അതു ജീവിതം നന്നാക്കും. ജീവിതത്തിൽ മാറ്റം ഉണ്ടാക്കുന്നില്ലെങ്കിൽ, ഒരു പക്ഷേ മാനസാന്തരം ഉണ്ടായിട്ടില്ല എന്നർത്ഥം.

"പരിവർത്തന ഭാഗങ്ങൾ ഏറ്റവും വിഷമമേറിയതാണ്" മാനസാന്തരം എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. അതു ജീവിതത്തിൽ മാറ്റം ആവശ്യപ്പെടുന്നതുകൊണ്ടാണ് വിഷമമായി തോന്നുന്നത് മാറ്റം പ്രയാസമാണ്. മാറ്റം വേദനാജനകമാണ്. എന്നിരുന്നാലും, രക്ഷിക്കപ്പെടണമെങ്കിൽ, ദൈവ സഹായത്താൽ നാം മാറുവാൻ – പരിശ്രമിക്കണം.

**ക്രിസ്തുവിനെ ഏറ്റു പറയുക**

യേശുവിലുള്ള വിശ്വാസം പ്രകടിപ്പിക്കുന്ന മറ്റൊരു രീതിയാണ് ഏറ്റു പറയുക എന്നത് വിശ്വാസവും ഏറ്റുപറച്ചിലും തമ്മിലുള്ള ഏറ്റവും അടുത്തബന്ധം റോമർ 10:9, 10 വാക്യങ്ങളിൽ കാണാം:

> ... യേശുവിനെ കർത്താവു എന്നു വായികൊണ്ടു, ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നുയിർത്തെഴുന്നേല്പിച്ചു, എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും; ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും, വായികൊണ്ടു രക്ഷക്കായി ഏറ്റു പറകയും, ചെയ്യുന്നു.[13]

രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നു എങ്കിൽ "യേശുവിനെ ... കർത്താവായി നാം ഏറ്റു പറയണം" ഏറ്റുപറയലിന്റെ ആവശ്യത്തെ യേശു ഊന്നി പറഞ്ഞിട്ടുണ്ട്:

> മനുഷ്യരുടെ മുമ്പിൽ, എന്നെ ഏറ്റു പറയുന്ന ഏവനേയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ മുൻപിൽ ഞാനും ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ, എന്നെ തള്ളിപ്പറയുന്നവനേയോ എന്റെ പിതാവിൻ മുൻപിൽ ഞാനും തള്ളിപ്പറയും (മത്തായി 10:32, 33).

"യേശുവിനെ കർത്താവ്" എന്നു ഏറ്റു പറയുക എന്നാൽ എന്താണർത്ഥം? വീണ്ടും റോമർ 10ഉം മത്തായി 10ഉം നോക്കുക:

- അതു യേശുവിലുള്ള വിശ്വാസത്തെ ഏറ്റു പറയുന്നതാണ് (അതു കൊണ്ട് അതു പാപങ്ങളെ ഏറ്റു പറയുന്നതല്ല[14]).
- അതു വായി കൊണ്ടു ഏറ്റു പറയുന്നതാണ് (അതുകൊണ്ട് അതു ജീവിതം കൊണ്ട് ഏറ്റു പറയുന്നതല്ല[15]).
- അതു മറ്റുള്ളവരുടെ മുമ്പിലുള്ള ഏറ്റു പറയലാണ് (അതു കൊണ്ട് അതു രഹസ്യമായ എടുത്തു പറയലല്ല).

വിശ്വാസത്തെ ഏറ്റു പറയുന്ന ഒന്ന് മത്തായി 16–ൽ കാണുന്നുണ്ട്:

താൻ ആരായിരിക്കുമെന്നാണ് അവർ വിചാരിക്കുന്നതെന്നു യേശു ശിഷ്യന്മാരോടു ചോദിച്ചു. അതിന്നു പത്രൊസ്, "നീ ജീവനുള്ള ദൈവത്തിന്റെ, പുത്രനായ ക്രിസ്തു" എന്നു പറഞ്ഞു (മത്തായി 16:16). "മശിഹ," എന്ന എബ്രായ പദത്തിന്റെ ഗ്രീക്കു രൂപമാണ് "ക്രിസ്തു" എന്നത്. അതിന്റെ അർത്ഥം "അഭിഷിക്തൻ" എന്നാണ്. നൂറ്റാണ്ടുകളായി യെഹൂദന്മാർ മശിഹയ്ക്കു വേണ്ടി കാത്തിരിക്കയായിരുന്നു. ദൈവത്തിൽ നിന്നു അയച്ച മശിഹയാണ് യേശു എന്നാണ് പത്രൊസ് പ്രകടിപ്പിച്ചത്. "ജീവനുള്ള ദൈവത്തിന്റെ പുത്രൻ" എന്ന പ്രയോഗം വ്യക്തമാക്കുന്നതു പത്രൊസ് യേശുവിന്റെ ദൈവികത്വം തിരിച്ചറിഞ്ഞു എന്നാണ്.

മറ്റൊരു വിശ്വാസത്തിന്റെ ഏറ്റു പറച്ചിൽ പ്രവൃത്തി8-ൽ കാണാം. ഈ രണ്ടാമത്തെ ഏറ്റു പറച്ചിൽ മാതൃക സ്നാനത്തിനു മുൻപാണ് നടക്കുന്നത്. ഫിലിപ്പൊസ് ഐത്യോപ്യൻ ഷണ്ഡനെ യേശുവിനെക്കുറിച്ചു പഠിപ്പിച്ചു.

> അവർ ഇങ്ങനെ വഴി പോകയിൽ വെള്ളമുള്ളോരു സ്ഥലത്തു എത്തിയപ്പോൾ; ഷണ്ഡൻ[16] പറഞ്ഞു, "ഇതാ വെള്ളം! ഞാൻ സ്നാനം ഏല്ക്കുന്നതിനു! എന്തു വിരോധം?" എന്നു പറഞ്ഞു. ധഅതിനു ഫിലിപ്പോസ്, "പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ, ആകാം എന്നു പറഞ്ഞു." "യേശു ക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു അവൻ ഉത്തരം പറഞ്ഞു" പ.[7] അവൻ തേർ നിർത്തുവാൻ കല്പിച്ചു; ഫിലിപ്പൊസും ഷണ്ഡനും, ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു (പ്രവത്തി 8:36–38).

മത്തായി 16-ൽ പത്രൊസ് ഏറ്റു പറഞ്ഞതുപോലെയാണ് ഷണ്ഡനും വിശ്വാസത്തെ ഏറ്റു പറഞ്ഞത് എന്നു കാണാം. അതു "വായികൊണ്ടാണ്'' ഏറ്റു പറഞ്ഞതെന്നും ശ്രദ്ധിക്കുക. ''മനുഷ്യരുടെ മുമ്പാകെയാണ്" (വാസ്തവത്തൽ ഒരാൾ, ഫിലിപ്പൊസ്).

നിങ്ങൾ സ്നാനമേൽക്കുന്നതിനു മുൻപ്, യേശുവിലുള്ള വിശ്വാസത്തെ നിങ്ങൾ ഏറ്റു പറയണം. വിശ്വാസത്തിനു ശേഷമാണ് സ്നാനം വരുന്നതു (മർക്കൊസ് 16:16). അങ്ങനെ ഒരാൾ യേശുവിൽ വിശ്വസിക്കുന്നുവോ എന്നറിയാതെ എനിക്കു അയാളെ സ്നാനപ്പെടുത്താൻ കഴിയുകയില്ല. അയാൾ അതു പറയാതെ എനിക്കെങ്ങനെ അറിയാൻ പറ്റും?

യേശു ജീവനുള്ള പുത്രനാണെന്നു നിങ്ങൾ വിശ്വസിക്കുന്നുവോ, എന്നു സ്നാനത്തിനു മുൻപു ആളുകളോടു ചോദിക്കും. ചിലർ പറയും,വിശ്വസിക്കുന്നു എന്നു പറയും വേറെ ചിലർ "ഉവ്വ്," എന്നു പറയും. രണ്ടും വിലയുള്ള മറുപടിയാണ്. അവർ വചനപ്രകാരം "നല്ല

ഏറ്റു പറച്ചിൽ" നടത്തുന്നവരാണ് (1 തിമൊഥെയൊസ് 6:12, 13).[18]

സ്നാനമേറ്റ ശേഷവും യേശുവിനെ ഏറ്റു പറഞ്ഞതു തുടരണം. ആദ്യ ക്രിസ്ത്യാനികൾ ചിലപ്പോൾ മത്സ്യത്തിന്റെ ആകൃതി അവരുടെ യേശുവിലുള്ള വിശ്വാസത്തെ ഉറപ്പിക്കുവാനായി ഉപയോഗിച്ചിട്ടുണ്ട്:[19]



"മത്സ്യം" എന്നതിനു ഗ്രീക്കിൽ *ഇക്തുസ്* എന്നാണ്. അതു വലിയ അക്ഷരത്തിൽ, എഴുതിയാൽ ഇതുപോലെ ഇരിക്കും:

ΙΧΘΥΣ

യേശുവിന്റെ പേരിനെ പ്രതിനിധാനം ചെയ്യുന്ന ആ വാക്കിലെ ഗ്രീക്കു അക്ഷരങ്ങൾ ഉപയോഗിച്ചിട്ടുണ്ട്:

- Ι (ഐയോട്ട) *ഐയേസൗസ്* എന്ന "യേശു" എന്ന ഗ്രീക്കു വാക്കിലെ ആദ്യ അക്ഷരമാണ്,[20]
- Χ (ക്ഹി) ''ക്രിസ്തു'' എന്ന ഗ്രീക്കു വാക്കായ *ക്രിസ്തോസ്*, എന്ന തിന്റെ ആദ്യ അക്ഷരമാണ്.
- Θ (തേറ്റ) "ദൈവം" എന്ന് അർത്ഥം വരുന്ന *തേയോ* എന്ന ഗ്രീക്കു വാക്കിന്റെ ആദ്യാക്ഷരം.
- Υ (ഉപ്സിലോൺ) "പുത്രൻ" എന്നതിന്റെ ഗ്രീക്കു വാക്കായ *ഊയി യോസ്* എന്നതിന്റെ ആദ്യാക്ഷരം.
- Σ (സിഗ്മ) ''രക്ഷകൻ" എന്നതിന്റെ ഗ്രീക്കു വാക്കായ *സോട്ടർ,* എന്നതിന്റെ ആദ്യാക്ഷരം.

ഈ ലളിതമായ ഗൂഡാർത്ഥ പ്രയോഗത്തിലൂടെ ആദ്യ ക്രിസ്ത്യാനികൾ, യേശു, ക്രിസ്തുവാണെന്ന അവരുടെ വിശ്വാസത്തെ അവർ ഉറപ്പിച്ചിരുന്നു. അവൻ ദൈവപുത്രനാണെന്നും, അവൻ മാത്രമാണ് അവരുടെ രക്ഷകൻ എന്നും ഉറപ്പിക്കയുണ്ടായി

**ഉപസംഹാരം**

വിശ്വാസത്തിന്റെ പ്രതികരണത്തെ - കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണ് ഈ പാഠം. മാനസാന്തരത്തിലേക്കും, ഏറ്റു പറയുന്നതിലേക്കും നയിക്കുന്ന വിശ്വാസം. അടുത്ത പാഠത്തിൽ, നാം സ്നാനത്തിന്റെ പ്രതികരണത്തെക്കുറിച്ചു ചർച്ച ചെയ്യും.

ഇപ്പോൾ ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്നതു "നിങ്ങൾ യേശു

വിൽ വിശ്വസിക്കുന്നുണ്ടോ?" എന്നു നിങ്ങൾ നിങ്ങളോടു തന്നെ ചോദിക്കുക. ഈ വിശ്വാസം നിങ്ങളുടെ ചുണ്ടുകളിലാണോ? ഈ വിശ്വാസം നിങ്ങളുടെ ജീവിതത്തിൽ ഏതെങ്കിലും ഫലം ഉണ്ടാക്കിയിട്ടുണ്ടോ? യേശു പറഞ്ഞു, "ഞാൻ അങ്ങനെയുള്ളവൻ [ദൈവത്തിൽ നിന്നയച്ചവൻ മശിഹ], എന്നു നിങ്ങൾ വിശ്വസിച്ചില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും" (യോഹന്നാൻ 8:24).

---

കുറിപ്പുകൾ

[1]എംഫസിസ് മൈൻ. [2]എംഫസിസ് മൈൻ. [3]ഇംഗ്ലീഷ് വാക്കായ "ഗോസ്പൽ" എന്നതു ഗ്രീക്കു വാക്കു തർജ്ജിമ ചെയ്ത വാക്കായ "സുവിശേഷം" എന്നതും ഒരേ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. 1 കൊരിന്ത്യർ 15:1-4, സുവിശേഷത്തിന്റെ ഹൃദയമാണ് യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്ന് അപ്പൊസ്തലൻ ആയ പൗലോസ് പറഞ്ഞിരിക്കുന്നു. [4]"മശിഹ" എന്ന എബ്രായ വാക്കിന്റെ അർത്ഥം "അഭിഷിക്തൻ" എന്നാണ്. യെഹൂദരാജാക്കന്മാരെ കിരീടം ധരിപ്പിക്കുമ്പോൾ അവരെ തൈലേകാഭിഷേകം ചെയ്തു അവരെ "ദൈവത്തിന്റെ അഭിഷിക്തൻ" എന്നു വിളിച്ചിരുന്നു. വലിയ രാജാവായ, അന്തിമ അഭിഷിക്തനായ, മശിഹയുടെ വരവിനായി യെഹൂദന്മാർ കാത്തിരുന്നു. ആ മശിഹ യേശുവായിരുന്നു. പക്ഷേ അനവധി യെഹൂദന്മാർ തിരിച്ചറിഞ്ഞില്ല. [5]ദൈവത്തിലുള്ള വിശ്വാസം മുൻകൂട്ടി ഉദ്ദേശിക്കുന്നതാണ് യേശുവിലുള്ള വിശ്വാസവും ബൈബിളിലുള്ള വിശ്വാസവും (എബ്രായർ 11:6). "അധികാരം" എന്ന കഴിഞ്ഞ പാഠം നോക്കുക. [6]മശിഹയായ യേശുവിനെ യെഹൂദന്മാർ ഒരു ദേശമായി, തള്ളികളഞ്ഞു. [7]എംഫസിസ് മൈൻ. [8]KJV രണ്ടു സ്ഥലത്തും, പറയുന്നതു "ബിലീവെത്ത്" എന്നാണ്. എന്നാൽ രണ്ടു വ്യത്യസ്ത ഗ്രീക്കു വാക്കാണ്, എൻഎഎസ്ബി യിൽ ഉപയോഗിച്ചിരിക്കുന്നത്. [9]ഇതു പൗലൊസ് എഫേസ്യർ 2:9-ൽ പറഞ്ഞിരിക്കുന്നതിനു തോന്നിയേക്കാം. എന്നാൽ, പൗലോസ് പറഞ്ഞതു *യോഗ്യതാ* പ്രവൃത്തികളാണ്, പക്ഷേ, യാക്കോബ് പറഞ്ഞതു *വിശ്വാസത്തിന്റെ* പ്രകടമായ പ്രവൃത്തിയാണ്. [10]കഴിഞ്ഞ പാഠം നോക്കുക.

[11]KJV പറഞ്ഞതു "ദൈവഹിത പ്രകാരമുള്ള ദുഃഖമാണ് ..." "ദൈവേഷ്ടപ്രകാരമുള്ള ദുഃഖം" അതെന്താണെന്ന് വിവരിക്കുന്നു. [12]"ലോകപ്രകാരമുള്ള ദുഃഖം" 2 കൊരിന്ത്യർ 7:10-ൽ പറയുന്നുണ്ട്. പാപത്തിൽ പിടിക്കപ്പെടുന്ന, വ്യക്തിക്കുണ്ടാകുന്നദുഃഖം അല്ലെങ്കിൽ ചെയ്ത തെറ്റിന്റെ ഫലം അനുഭവിക്കുമ്പോൾ ഉണ്ടാകുന്ന ദുഃഖം പാപം ചെയ്യുന്നതു *നിർത്തുന്ന* തരത്തിലുള്ള ദുഃഖമല്ല അതു. [13]"വിശ്വാസത്താൽ മാത്രം" രക്ഷ എന്നു ഈ വേദഭാഗം പഠിപ്പിക്കുന്നു. എന്നു ചിലർ പറയുന്നു. ശ്രദ്ധിച്ചാൽ, *വിശ്വാസത്താൽ മാത്രമല്ല,* വിശ്വാസത്തോടു കൂടെ ചിലതു വേണമെന്നാണ് പഠിപ്പിക്കുന്നതു. ഈ ഭാഗത്തു, *വിശ്വാസവും* - ഏറ്റുപറച്ചിലും - അടങ്ങുന്നു. മറ്റു വേദഭാഗങ്ങളിൽ വിശ്വാസവും - മാനസാന്തരവും, വിശ്വാസവും - സ്നാനവും അങ്ങനെ വേറെയും യോജിപ്പിക്കുന്നുണ്ട്. വിശ്വാസത്തോടു ചേർക്കേണം എന്നതു വിശ്വാസം മാത്രം ആക്കുന്നില്ല. രക്ഷക്കു വേണ്ടി ബൈബിൾ പറയുന്ന*തെല്ലാം* നാം പരിഗണിക്കണം. [14]ഒരു ക്രിസ്ത്യാനിക്കു എങ്ങനെ പാപമോചനം ലഭിക്കുമെന്നു, നാം പിന്നീടു പഠിക്കുമ്പോൾ പാപങ്ങൾ ഏറ്റു പറയുന്നതിനെ കുറിച്ചു നാം ചർച്ച ചെയ്യും. പക്ഷേ ഒരാൾ ക്രിസ്ത്യാനി ആയി തീരുന്നതിന്നു മുൻപു പാപങ്ങൾ ഏറ്റു പറയേണ്ട ആവശ്യമില്ല. സ്നാനം ആവശ്യപ്പെടുന്ന പ്രവൃത്തിക്കു അവൻ പറയുന്നു, "രക്ഷ ആവശ്യമുള്ള ഒരു പാപിയാണ് ഞാൻ". [15]നാം നമ്മുടെ *ജീവിതം,* കൊണ്ടു യേശുവിനെ ഏറ്റു പറയേണ്ടതു മുഖ്യമായ ഒന്നാണ്. എന്നാൽ ഇതല്ല റോമർ 10ലും മത്തായി 10ലും പറഞ്ഞിരിക്കുന്നത്. [16]സാധാരണ

“ഷണ്ഡൻ” എന്ന വാക്കിന്റെ അർത്ഥം “നിർവ്വീര്യനാക്കപ്പെട്ട പുരുഷൻ” എന്നാണ്. അവിശ്വാസികൾ ഉയർന്ന ഉദ്യോഗങ്ങളിൽ ഷണ്ഡന്മാരെയാണ് നിയമിക്കുന്നത് കാരണം പരീക്ഷണങ്ങൾ ഒഴിവാക്കുവാനാണ്. [17]ഈ വാക്യം ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന കാരണം ചില തർജ്ജിമയിൽ വേദഭാഗത്തു ഈ വാക്യം കൊടുക്കാതെ കുറിപ്പായി കൊടുത്തിരിക്കുന്നു. അതെങ്ങനെയായാലും ആദിമ സഭയുടെ പരിശീലനമനുസരിച്ചു സ്നാനത്തിനു മുൻപു വിശ്വാസത്തെ ഏറ്റു പറഞ്ഞിരുന്നു എന്നതു മിക്ക പണ്ഡിതന്മാരും സമ്മതിക്കുന്നു. [18]“ഏറ്റവും നല്ല ഏറ്റു പറച്ചിൽ” യേശു നടത്തിയപ്പോൾ അവൻ പിലാത്തോസ് പറഞ്ഞതു ഉറപ്പിക്കയായിരുന്നു (1 തിമൊഥെയോസ് 6:13), (മത്തായി 27:11). [19]ബൈബിളിൽ നിന്നല്ല, ലൗകിക ചരിത്രത്തിൽ നിന്നു ഈ അടയാളം നമുക്കു അറിയാം. മത്സ്യത്തിന്റെ അടയാളം ആദിമ ക്രിസ്ത്യാനികളുടെ കല്ലറ മേൽ കാണാമായിരുന്നു. [20]ഈ ലിസ്റ്റിലെ പല ഗ്രീക്കു വാക്കുകളുടേയും ഉച്ചാരണങ്ങൾ പ്രത്യേക അടയാളങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. എന്റെ തർജ്ജിമയിൽ ഞാൻ അതു അന്യഭാഷയിൽ പ്രത്യുൽപ്പാദിപ്പിച്ചിട്ടില്ല. അതുപോലെ, ഗ്രീക്കിൽ രണ്ടു വിധത്തിലുള്ള “e” കളും “o” കളും ഉണ്ട്. ഞാൻ അവയേയും വേർതിരിച്ച് എഴുതിയിട്ടില്ല.